പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 471 30.06.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് കവറേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>" ഹൈബി ഈഡൻ :<br>" എ.റ്റി. ജോർജ് :<br>" പി.സി. വിഷ്ണുനാഥ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം പരിഗണനയിലുണ്ട്. 15 രൂപയിൽ കൂടുതൽ ടിക്കറ്റ് നിരക്ക് വരുന്ന യാത്രക്കാരിൽ നിന്നും സോഷ്യൽ സെക്യൂരിറ്റി സെസ് ഇനത്തിൽ നിശ്ചിത തുക ഈടാക്കി, യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു പദ്ധതി പരിഗണനയിലുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സോഷ്യൽ സെക്യൂരിറ്റി സെസിനത്തിൽ യാത്രക്കാരിൽ നിന്നും വാങ്ങുന്ന തുക കൊണ്ട് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനുദ്ദേശിക്കുന്നു. ഇതോടൊപ്പം എല്ലാ ഡിപ്പോകളിലും ശീതീകരിച്ച വിശ്രമമുറിയും, ക്ലോക്ക് റൂമുകളുമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. |
| (സി) | എന്തെല്ലാം പരിരക്ഷയാണ് ഇൻഷ്വറൻസിന്റെ കവറേജിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വ്യക്തിപരമായ അപകട ഇൻഷ്വറൻസാണ് ഉദ്ദേശിക്കുന്നത്. പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭനട പടികൾ എടുത്തിട്ടുണ്ട്; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി) | സോഷ്യൽ സെക്യൂരിറ്റി സെസ് തുക യാത്രക്കാരിൽ നിന്നും ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി, കോർപ്പറേഷന്റെ പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിശോധി ച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ